24/12/21

8/12/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

## തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1318(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 10922/SIC-G4/2021)**

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2021 ഡിസംബർ 8**

ശ്രീ. രാമകുമാർ വി.,
ലക്ഷ്മി ഭവൻ, EVRA 400,
ഈശ്വരവിലാസം റോഡ്,
തിരുവനന്തപുരം – 695014. } അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ലീഗൽ ഓഫീസർ, സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിട്ടി (എസ്.ഇ.ഐ.എ.എ) കേരളം, കെ.എസ്.ആർ.ടി.സി. ബസ്സ് ടെർമിനൽ, നാലം നില, തമ്പാനൂർ, തിരുവനന്തപുരം – 695 001.
2) അപ്പീൽ അധികാരി & അഡ്മിനിസ്ട്രേറ്റർ, സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിട്ടി (എസ്.ഇ.ഐ.എ.എ) കേരളം, കെ.എസ്.ആർ.ടി.സി. ബസ്സ് ടെർമിനൽ, നാലം നില, തമ്പാനൂർ, തിരുവനന്തപുരം – 695 001.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 30/3/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 30/04/2021, 11/8/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 26/05/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 29/06/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 14/09/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 14/09/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 06/10/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 23/10/2021 |
| ഹിയറിംഗ് നടന്ന തീയതി | 07/12/2021 -(വീഡിയോ/ ഓഡിയോ ഹിയറിംഗ്) |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ: | ഹാജരായി |
| എസ്.പി.ഐ.ഒ. | ഹാജരായി |

## ഉത്തരവ്

ശ്രീ. രാമകുമാർ വി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ 30.3.2021–ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് മറുപടി ലഭിക്കാത്തതിനെ തുടർന്ന് ഒന്നാം അപ്പീൽ സമർപ്പിച്ചു എന്നും ആയതിന് ലഭിച്ച മറുപടിയിൽ പകർപ്പ് ഫീസ്

ഒടുക്കുവാൻ ആവശ്യപ്പെട്ടുവെന്നും തുടർന്ന് 164/- രൂപ ഒടുക്കി ചലാൻ ഹാജരാക്കിയെങ്കിലും ആവശ്യപ്പെട്ട മുഴുവൻ രേഖകൾ നൽകുകയോ ഫയൽ പരിശോധിക്കാൻ അനുവദിക്കുകയോ ചെയ്തില്ലെന്നുമാണ്.

2. 30/03/2021 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളും പകർപ്പുകളുമാണ്:

A.

i. Provide the certified copies of office order with date of establishment of SEAC Kerala
ii. Government Order/Notification prescribing the duties and responsibilities of SEAC Kerala

B. i. Provide the certified copy of the applications from Sri. M.A. Nishad Director M/S LULU International Shopping Mall Private Limited for EC of proposed shopping complex
ii. Name and address of the legal owners ie. the title holders of each plot bearing re-survey Nos. 1888/2-6, 1888/4-2, 1888/1-3, 1890/1, 1888/12-1-1, 1888/12-2, 1888/1-2-1, 1888/1-2, 1888/1-1-1, 1888/12-3, 1888/1-1, 1888/1-2-4-1, 1888/1-1-2, 1882, 1888/1-2-2, 1888/1-2-6, 1888/2-2, 1888/2-3, 1888/2-4, Kadakampally Village, Thiruvananthapuram and so on numbering to 8 items.

3. മേൽപ്പടി അപേക്ഷയ്ക്ക് 30.04.2021 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 26.5.2021 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത് ടിയാന്റെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം ലഭ്യമായിട്ടില്ല എന്നാണ്. മേൽപ്പടി അപ്പീൽ അപേക്ഷയ്ക്ക് 29.06.2021 തീയതി രണ്ടാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ടിയാൻ ആവശ്യപ്പെട്ട രേഖകൾക്കായി ഫീസ് ഒടുക്കാൻ ഒന്നാം എതിർകക്ഷി നിർദ്ദേശിച്ചിട്ടും പകർപ്പ് ഫീ ഒടുക്കു വരുത്തിയതായി കാണുന്നില്ലെന്നും ആയതിനാൽ നിർദ്ദേശിച്ച പ്രകാരമുള്ള ഫീസ് അടച്ച് ചലാൻ ഹാജരാക്കുന്ന മുറയ്ക്ക് രേഖാപകർപ്പുകൾ നൽകുന്നതാണെന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. രാമകുമാർ വി. യുടെ 30.3.2021-ലെ അപേക്ഷ അന്നേ ദിവസം

തന്നെ ടി ഓഫീസിൽ ലഭിച്ചിട്ടുള്ളതാണെന്നും അപേക്ഷയിൽ നിശ്ചിത ഫീസ് അടയ്ക്കാത്തതിനാൽ (5/ രൂപയുടെ സ്റ്റാമ്പാണ് അപേക്ഷയിൽ പതിപ്പിച്ചിരുന്നത്) പ്രസ്തുത അപേക്ഷ പരിഗണിയ്ക്കാൻ സാധിക്കുകയില്ല എന്ന് 31.3.2021 തീയതിയിലെ കത്ത് പ്രകാരം ടിയാനെ അറിയിച്ചിരുന്നു എന്നും പ്രസ്തുത അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ നൽകണമെന്നാവശ്യപ്പെട്ട് 2.4.2021–ന് വീണ്ടും 5/–രൂപ അടച്ച് ഹർജിക്കാരൻ അപേക്ഷ സമർപ്പിക്കുകയുണ്ടായി എന്നും തുടർന്ന് നിശ്ചിത ഫീസ് ഒടുക്കിയാൽ ഓഫീസിൽ ലഭ്യമായിട്ടുള്ളതും നൽകാനാകുന്നതുമായ വിവരങ്ങൾ ലഭ്യമാക്കാമെന്ന് എസ്.പി.ഐ.ഒ. 30.4.2021ന് അറിയിക്കുകയുണ്ടായി എന്നും എന്നാൽ 31.3.2021–ലെ വിവരാവകാശ അപേക്ഷയിൻമേൽ മറുപടി ലഭ്യമായിട്ടില്ല എന്നാരോപിച്ചാണ് 25.5.2021 തീയതി രേഖപ്പെടുത്തിയ അപ്പീൽ അപേക്ഷ 11.6.2021–ന് ടി ഓഫീസിൽ ലഭിച്ചിട്ടുള്ളതാണെന്നും തുടർന്ന് 29.6.2021–ന് അപേക്ഷകനോട് ഫീസ് അടയ്ക്കാൻ നിർദ്ദേശിച്ചു കൊണ്ടുള്ള കത്തിന്റെ പകർപ്പ് സഹിതം പുതിയ നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കുകയാണുണ്ടായതെന്നും വിവിധ ചോദ്യങ്ങൾക്ക് ആവശ്യമായ രേഖകൾ നൽകുന്നതിനായി ആകെ 1010/– രൂപ ട്രഷറിയിൽ ഒടുക്കാനാണ് നിർദ്ദേശിച്ചിരുന്നതെന്നും ടിയാൻ ആകെ 164/– രൂപ ട്രഷറിയിൽ ഒടുക്കിയ ചലാൻ ഹാജരാക്കുകയും ആയതിനോടൊപ്പമുള്ള കത്തിൽ ചോദ്യം നമ്പർ ബി–1 സംബന്ധിച്ച് സംശയമുന്നിയിക്കുകയും ചോദ്യം നമ്പർ ബി–4 ന് രേഖകൾ സി.ഡി.യിലാക്കി നൽകുന്നതിനായി 50/– രൂപ അടയ്ക്കുന്നു എന്ന് സൂചിപ്പിക്കുകയും ചെയ്തിരുന്നു എന്നും അപേക്ഷയിലെ ബി4 ചോദ്യവുമായി ആവശ്യപ്പെട്ടിരുന്ന രേഖ 386 പേജുകൾ വരുന്നവയായതിനാൽ 2/–രൂപ നിരക്കിൽ ആകെ 796/– രൂപ ട്രഷറിയിൽ ഒടുക്കാൻ നിർദ്ദേശിച്ച് 30.4.2021–ന് കത്ത് നൽകിയിരുന്നു എന്നും 23.7.2021–ന് അപേക്ഷകൻ ഹാജരാക്കിയ മറുപടി കത്തിലാണ് പ്രസ്തുത രേഖകൾ സി.ഡി.യിൽ ആക്കി നൽകുവാൻ പുതുതായി ആവശ്യപ്പെട്ടിരുതെന്നും 11.8.2021–ലെ 1111/എ1/2021/എസ്.ഇ.ഐ.എ.എ. നമ്പർ കത്ത് പ്രകാരം ബി–1 ചോദ്യത്തിന് എ3 സൈസ് ഉൾപ്പെടെയുള്ള ഫീസാണ് അടയ്ക്കാൻ നിർദ്ദേശിച്ചിരുന്നതെന്നും ബി4 ചോദ്യത്തിന് ആവശ്യപ്പെട്ടിരുന്ന രേഖകൾ ഇലക്ട്രോണിക് രൂപത്തിലേയ്ക്ക് മാറ്റുന്നതിനാവശ്യമായ സാങ്കേതികത നിലവിൽ എതിർകക്ഷി ഓഫീസിൽ ഇല്ലാത്തതിനാലും പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കാൻ നിർവ്വാഹമില്ലെന്നും മറ്റുള്ളവയ്ക്ക് ആവശ്യപ്പെട്ടിരിക്കുന്ന രേഖകൾ ഉൾക്കൊള്ളിച്ച് അപേക്ഷകന് മറുപടി നൽകിയിരുന്നു എന്നും എന്നാൽ 24.8.2021–ലെ കത്ത് പ്രകാരം അധികമായി 50/– രൂപ ചലാൻ ഹാജരാക്കി 11.8.2021–ലെ മറുപടിയിൻമേൽ അപ്പീൽ അപേക്ഷ സമർപ്പിക്കുകയാണുണ്ടായതെന്നും 23.7.2021–ലെ ട്രഷറി ചലാൻ പ്രകാരം 164/– രൂപയിൽ നീക്കിയിരിപ്പുള്ള 76/– രൂപയും അതിനുശേഷം തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ 24.8.2021–ലെ ചലാൻ പ്രകാരം അടച്ച 50/– രൂപയും ഉൾപ്പെടെ

അടക്ക 126/- രൂപയും കൂട്ടി ബി-1 ചോദ്യവുമായി ബന്ധപ്പെട്ട രേഖകൾ അനുവദിക്കണമെന്നാണ് മേൽപ്പടി അപ്പീലിൽ ആവശ്യപ്പെട്ടിരുന്നതെന്നും ടി വിഷയവുമായി ബന്ധപ്പെട്ട ഒന്നാം അപ്പീൽ തീർപ്പാക്കിയിട്ടുള്ളതിനാൽ പ്രസ്തുത അപ്പീൽ അപേക്ഷ പരിഗണിയ്ക്കാൻ നിർവ്വാഹമില്ലെന്നറിയിച്ചിരുന്നു എന്നും എന്നാൽ ഇക്കാര്യം അറിയിച്ച് കൊണ്ട് 2.9.2021-ന് നൽകിയ 111/എ1/2021/എസ്.ഇ.ഐ.എ.എ. നമ്പർ കത്തിലെ സൂചന 4-ൽ രേഖപ്പെടുത്തിയ 22.7.2021-ന് ടി ഓഫീസിൽ ലഭിച്ച അപ്പീൽ അപേക്ഷ എന്ന് രേഖപ്പെടുത്തിയ തീയതി നോട്ടപിശക് മൂലം തെറ്റിയിരുന്നതിനാൽ ഇക്കാര്യം വിശദമാക്കി ഹർജിക്കാരന് 17.9.2021-ലെ 2592/എ1/2021/എസ്.ഇ.ഐ.എ.എ. നമ്പർ കത്ത് പ്രകാരം അറിയിച്ചിരുന്നു എന്നും 30.3.2021-ലെ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന എല്ലാ ചോദ്യങ്ങൾക്കും കൃത്യമായ മറുപടിയും അപേക്ഷകൻ തുക അടച്ചതിന്റെ അടിസ്ഥാനത്തിൽ നൽകാവുന്ന രേഖകളും സമയബന്ധിതമായി എതിർകക്ഷി ഓഫീസിൽ നിന്നും നൽകിയിട്ടുള്ളതാണെന്നും ആവശ്യപ്പെട്ട രേഖകൾക്ക് മതിയായ തുക ട്രഷറിയിൽ ഒടുക്കാതെ പുതിയ പുതിയ ആവശ്യങ്ങൾ ഉന്നയിക്കുകയും അതിൻമേൽ അപ്പീൽ സമർപ്പിക്കുകയുമാണ് അപേക്ഷകൻ ചെയ്തിരിക്കുന്നതെന്നും വിവരാവകാശ നിയമപ്രകാരം നിശ്ചയിക്കപ്പെട്ട ഫീസ് അടയ്ക്കാതെ ടിയാൻ സമർപ്പിച്ച അപേക്ഷയിന്മേലും അപ്പീലിൻമേലുമുള്ള മറുപടികൾ ഉൾപ്പെടെ ടി ഓഫീസിൽ നിന്നും 5 മറുപടി കത്തുകൾ ശ്രീ.രാമകുമാറിന് നൽകിയിരുന്നുവെന്നും മതിയായ ഫീസ് ഒടുക്കാത്തതുമൂലം വിവരാവകാശ നിയമപ്രകാരം പരിഗണനാർഹമല്ലായിരുന്ന അപേക്ഷയിന്മേൽ അപേക്ഷകൻ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ ലഭ്യമാക്കുക എന്ന സദുദ്ദേശത്തോടെ സംസ്ഥാനപരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയിൽ ലഭ്യമായ വിവരങ്ങൾ നൽകുകയാണ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും, അപ്പീൽ അധികാരിയും ചെയ്തിട്ടുള്ളതെന്നും കൂടാതെ 30.3.2021-ലെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിലും ആയതിന്മേലുള്ള അപ്പീലിലും സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിവരം ആവശ്യപ്പെട്ടുകൊണ്ട് 2 അപേക്ഷകളാണ് ശ്രീ. രാമകുമാർ സമർപ്പിച്ചതെന്നും ആയവയ്ക്ക് എല്ലാം തന്നെ സമയബന്ധിതമായി മറുപടി നൽകിയിട്ടുള്ളതാണെന്നും ശ്രീ.രാമകുമാറിന്റേത് ഉൾപ്പെടെയുള്ള വിവരാവകാശ നിയമപ്രകാരമുള്ള എല്ലാ അപേക്ഷകളും തികച്ചും അനുഭാവ പൂർവ്വമായി പരിശോധിച്ചാണ് നാളിതുവരെ നടപടി സ്വീകരിച്ചിട്ടുള്ളതെന്നും ഹർജിക്കാരന്റെ അപേക്ഷകൾക്ക് എതിർകക്ഷി ഓഫീസിൽ ലഭ്യമായിട്ടുള്ള വിവരങ്ങൾ സമയബന്ധിതമായി നൽകിയിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട എതിർകക്ഷി കാര്യാലയത്തിൽ ലഭ്യമായ എല്ലാ വിവരങ്ങളും നൽകാൻ കഴിയാതിരുന്നത് ആവശ്യപ്പെട്ട പ്രകാരമുള്ള പകർപ്പ്

ഫീ ഒടുക്കി ചലാൻ ഹാജരാക്കാത്തതിനാലാണെന്ന് കാണുന്നു. മാത്രമല്ല മതിയായ ഫീസ് ഒടുക്കാതെ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷ സ്വീകരിച്ച് ബാക്കി അപേക്ഷാ ഫീസായ 5/- രൂപ കൂടി അടയ്ക്കാൻ ഒന്നാം എതിർകക്ഷി നിർദ്ദേശിച്ചത് ഹർജിക്കാരന് മറുപടി ലഭ്യമാക്കണമെന്ന സദുദ്ദേശത്തോടെയാണെന്നും കമ്മീഷന് ബോധ്യമാകുന്നു. ഹർജിക്കാരൻ നൽകിയ വിവരാവകാശ അപേക്ഷയിൽ ഉന്നയിക്കാത്ത തരത്തിലുള്ള, പകർപ്പ് ഫീ അടക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതിനായി, രേഖകൾ സി.ഡി.യിലാക്കി ലഭിക്കണമെന്നും മറ്റുമുള്ള ആവശ്യം പിന്നീട് അപ്പീൽ ഹർജിയിൽ ഉന്നയിക്കുന്നത് വിവരാവകാശ നിയമപ്രകാരം അംഗീകരിക്കത്തക്കതല്ല. അതുപോലെ തന്നെ വിവരാവകാശ നിയമങ്ങൾ നന്നായി അറിയുന്ന ഹർജിക്കാരൻ മതിയായ അപേക്ഷാഫീസ് ഒടുക്കാതെയും, ആവശ്യപ്പെടാതെ ഫീസ് ഒടുക്കി പിന്നീട് അത് തട്ടിക്കിഴിക്കണമെന്ന് ആവശ്യപ്പെടുന്നതും, മതിയായ പകർപ്പ് ഫീ ഒടുക്കാതെ എതിർകക്ഷികളെ ബുദ്ധിമുട്ടിക്കുന്ന തരത്തിലുള്ള ആവശ്യങ്ങൾ ഉന്നയിക്കുന്നതും എതിർകക്ഷിയുടെ മറ്റ് ദൈനദിന പ്രവർത്തനത്തെ ബാധിക്കുമെന്നതിനാൽ അത്തരത്തിലുള്ള നടപടികൾ ഹർജിക്കാരന്റെ ഭാഗത്ത് നിന്നും ഉണ്ടാവാതെ ശ്രദ്ധിക്കണമെന്ന് കമ്മീഷൻ ഹർജിക്കാരനെ ഓർമ്മപ്പെടുത്തുന്നു.

6. ഹർജിക്കാരൻ ആവശ്യപ്പെടുന്നപക്ഷം, ടിയാൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങളിൽ നൽകാൻ ബാക്കിയുള്ളവ ഏതൊക്കെ രേഖകളാണെന്ന് ബന്ധപ്പെട്ട ഫയലുകൾ നേരിട്ട് പരിശോധിച്ച് തിട്ടപ്പെടുത്തി ആയതിന് മാത്രം പകർപ്പ് ഫീ ഒടുക്കി ശേഖരിക്കുന്നതിന് എല്ലാ സൗകര്യവും ഒരിക്കൽ കൂടി എതിർകക്ഷികൾ ഹർജിക്കാരന് നൽകണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ ഇലക്ട്രോണിക് രൂപത്തിലേക്ക് മാറ്റുന്നതിനാവശ്യമായ സാങ്കേതികത നിലവിൽ എതിർകക്ഷി ഓഫീസിൽ ഇല്ലാത്തതിനാൽ സൂക്ഷിച്ചു വച്ചിട്ടുള്ള രേഖ സി.ഡി.യിലാക്കി നൽകണമെന്ന ആവശ്യത്തിന്മേൽ കമ്മീഷൻ നിർദ്ദേശങ്ങൾ ഒന്നും പുറപ്പെടുവിക്കുന്നില്ല.

8. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2021 ഡിസംബർ 8-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)

ഡോ. വിശ്വാസ് മേത്ത

മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി